doubtnut
India's Number 1 Education App

# MATHS

# BOOKS - V PUBLISHERS

# അക്ഷരഗണിതം

## Example

**1.** തപാൽമാർഗം പുസ്തകങ്ങൾ വരുത്തുമ്പോൾ പുസ്തകത്തിന്റെ വിലയുടെ കൂടെ 25 രൂപ തപാൽ വിലയും കൊടുക്കണം. ഇതനുസരിച്ച്

ചുവടെയുള്ള പട്ടിക പൂരിപ്പിക്കുക. പുസ്തകത്തിന്റെ വിലയും, ആകെ വിലയും തമ്മിലുള്ള ബന്ധം എങ്ങനെയൊക്കെ പറയാം? ഈ ബന്ധങ്ങൾ അക്ഷരങ്ങൾ ഉപയോഗിച്ച് എഴുതി നോക്കൂ.

| പുസ്തകത്തിന്റെ വില | തപാൽ കൂലി | ആകെ ചെലവ് |
| --- | --- | --- |
| 120 | 25 | |
| 115 | 25 | |
| | 25 | 125 |
| | 25 | 110 |


Watch Video Solution

**2.** ഒരു ത്രികോണത്തിന്റെ വശങ്ങൾ 4 സെന്റിമീറ്റർ, 6 സെന്റിമീറ്റർ, 8 സെന്റിമീറ്റർ. അതിന്റെ ചുറ്റളവെത്രയാണ്? വശങ്ങളുടെ നീളം a, b, c എന്നും ചുറ്റളവ് p എന്നും എടുത്താൽ ഇവ തമ്മിലുള്ള ബന്ധം എങ്ങനെ പറയാം?

Watch Video Solution

**3.** ചിത്രത്തിൽ എത്ര സമചതുരങ്ങളുണ്ട്? ഒരു സമചതുരം ഉണ്ടാക്കാൻ എത്ര തീപ്പെട്ടിക്കോലുകൾ ഉപയോഗിച്ചു? അഞ്ചു

സമചതുരങ്ങൾ ഉണ്ടാക്കാൻ എത്ര കോലുകൾ വേണം? സമചതുരങ്ങളുടെ എണ്ണവും കോലുകളുടെ എണ്ണവും തമ്മിലുള്ള ബന്ധം ഏതെല്ലാം രീതിയിൽ പറയാം. ഇവ അക്ഷരങ്ങൾ ഉപയോഗിച്ച് എഴുതുക?



Watch Video Solution

**4.** സഹകരണ സ്റ്റോറിൽനിന്നും എല്ലാ ക്ലാസിലെയു കുട്ടികൾ 5 രൂപ വിലയ്ക്കുള്ള പേനയാണ് വാങ്ങിയത്. ചുവടെയുള്ള പട്ടികയിൽ ഓരോ ക്ലാസിലെയും കുട്ടികൾ എത്ര രൂപ കൊടുത്തു എന്നെഴുതുക. കുട്ടികളുടെ എണ്ണവും ആകെ വിലയും തമ്മിലുള്ള ബന്ധം എങ്ങനെയൊക്കെ പറയാം? ഈ ബന്ധങ്ങൾ അക്ഷരം ഉപയോഗിച്ച് എഴുതുക?

| ക്ലാസ് | കുട്ടികളുടെ എണ്ണം | ആകെ വില |
|---|---|---|
| 6A | 34 | |
| 6B | 32 | |
| 6C | 36 | |

Watch Video Solution

**5.** വശങ്ങളുടെ നീളം 5 സെന്റിമീറ്ററായ സമചതുരത്തിന്റെ ചുറ്റളവ് എത്രയാണ്? 6 സെന്റിമീറ്റർ ആയാലോ? സമചതുരത്തിന്റെ വശത്തിന്റെ നീളവും ചുറ്റളവും തമ്മിലുള്ള ബന്ധം എങ്ങനെയെല്ലാം പറയാം. ഇവയെല്ലാം അക്ഷരങ്ങൾ ഉപയോഗിച്ച് എഴുതി നോക്കൂ.

Watch Video Solution

**6.** 5 പത്ത് രൂപ നോട്ടുകൾ ചേർന്നാൽ ആകെ എത്ര രൂപയാകും? പത്തു രൂപ നോട്ടുകളുടെ എണ്ണം 7 ആയാലോ? പത്ത് രൂപ നോട്ടുകളുടെ എണ്ണവും ആകെ രൂപയും തമ്മിലുള്ള ബന്ധം എങ്ങനെയെല്ലാം പറയാം? 10 രൂപ നോട്ടുകളുടെ എണ്ണം t എന്നും ആകെ രൂപയെ a എന്നും സൂചിപ്പിച്ചാൽ ഈ ബന്ധം എങ്ങനെയെല്ലാം എഴുതാം?

Watch Video Solution

**7.** 8 രൂപ വീതം വിലയുള്ള 5 പേനയുടെ ആകെ വിലയെന്താണ്? 12 രൂപ വീതം വിലയുള്ള 10 നോട്ടുപുസ്തകത്തിന്റെ വിലയെന്താണ്?

Watch Video Solution

**8.** ഒരു ലിറ്റർ മണ്ണെണ്ണയുടെ ഭാരം 800 ഗ്രാം ആണ്? 2 ലിറ്റർ മണ്ണെണ്ണയുടെ ഭാരം എത്ര ഗ്രാമാണ്?

Watch Video Solution

**9.** ഒരു ലിറ്റർ മണ്ണെണ്ണയുടെ ഭാരം 800 ഗ്രാം ആണ്? $\frac{1}{2}$ ലിറ്റർ മണ്ണെണ്ണയുടെ ഭാരം എത്ര ഗ്രാമാണ്?

Watch Video Solution

**10.** ഒരു ലിറ്റർ മണ്ണെണ്ണയുടെ ഭാരം 800 ഗ്രാം ആണ്? ഒരു മില്ലിലിറ്റർ മണ്ണെണ്ണയുടെ ഭാരം എത്ര ഗ്രാമാണ്?

Watch Video Solution

**11.** ഒരു ലിറ്റർ മണ്ണെണ്ണയുടെ ഭാരം 800 ഗ്രാം ആണ്. 2 ലിറ്റർ മണ്ണെണ്ണയുടെ ഭാരം എത്ര ഗ്രാമാണ്? v മില്ലിലിറ്റർ മണ്ണെണ്ണയുടെ ഭാരം w ഗ്രാം എന്നെടുത്താൽ v, w എന്നീ സംഖ്യകൾ തമ്മിലുള്ള ബന്ധമെന്താണ്?

Watch Video Solution

**12.** ഒരു ഘനസെന്റിമീറ്റർ ഇരുമ്പിന്റെ ഭാരം 7.8 ഗ്രാം ആണ്. ഇരിമ്പുകൊണ്ട് ഉണ്ടാക്കിയ ഒരു വസ്തുവിന്റെ വ്യാപ്തം v ഘനസെന്റീമീറ്റർ, ഭാരം

w ഗ്രാം എന്നെടുത്താൽ v, w ഇവ തമ്മിലുള്ള ബന്ധമെന്താണ്?

Watch Video Solution

**13.** ഒരു ഘനസെന്റിമീറ്റർ ഇരുമ്പിന്റെ ഭാരം 7.8 ഗ്രാം ആണ്. ഇരിമ്പുകൊണ്ട് ഉണ്ടാക്കിയ ഒരു ചതുരക്കട്ടയുടെ നീളം l സെന്റിമീറ്റർ,വീതി b സെന്റിമീറ്റർ, ഉയരം h സെന്റിമീറ്റർ,ഭാരം w ഗ്രാം എന്നെടുത്താൽ w,l,b,h ഇവ തമ്മിലുള്ള ബന്ധമെന്താണ്?

Watch Video Solution

**14.** 8 പത്തു രൂപ നോട്ടും, 2 അഞ്ചുരൂപാ നോട്ടും ചേർന്ന് ആകെ എത്ര രൂപയായി? 7 പത്തുരൂപാ നോട്ടും, 4 അഞ്ചുരൂപാ നോട്ടും ആയാലോ? പത്തു രൂപ നോട്ടിന്റെ എണ്ണം t, അഞ്ചുരൂപാ നോട്ടിന്റെ എണ്ണം f, ആകെ തുക a എന്നെടുത്താൽ t, f, a ഇവ തമ്മിലുള്ള ബന്ധം എങ്ങനെ പറയാം?

Watch Video Solution

**15.** ഒരു പേനയ്ക്ക് 7 രൂപ,ഒരു നോട്ടുപുസ്തകത്തിന് 12 രൂപ. 5 പേനയ്ക്കും, 6 നോട്ടുപുസ്തകത്തിനപാംകൂടി ആകെ വില എന്താണ്?

Watch Video Solution

**16.** ഒരു പേനയ്ക്ക് 7 രൂപ,ഒരു നോട്ടുപുസ്തകത്തിന് 12 രൂപ. 12 പേനയും, 7 നോട്ടുപുസ്തകവുമായാലോ?

Watch Video Solution

**17.** ഒരു പേനയ്ക്ക് 7 രൂപ,ഒരു നോട്ടുപുസ്തകത്തിന് 12 രൂപ. പേനയുടെ എണ്ണം, നോട്ടുപുസ്തകത്തിന്റെ എണ്ണം. ആകെ വില ഇവ തമ്മിലുള്ള ബന്ധമെന്താണ്?

Watch Video Solution

**18.** ഒരു പേനയ്ക്ക് 7 രൂപ,ഒരു നോട്ടുപുസ്തകത്തിന് 12 രൂപ. പേനയുടെ എണ്ണം p, നോട്ടുപുസ്തകത്തിന്റെ എണ്ണം n, ആകെ വില t എന്നെല്ലാമെടുത്താൽ p, n, t ഇവ തമ്മിലുള്ള ബന്ധമെന്തണ്?

Watch Video Solution

**19.** വശങ്ങളുടെയെല്ലാം നീളം 10 സെന്റിമീറ്ററായ ത്രികോണം വളച്ചുണ്ടാക്കാൻ എത്ര സെന്റിമീറ്റർ കമ്പി വേണം? വശങ്ങളുടെയെല്ലാം നീളം 10 സെന്റിമീറ്ററായ സമചതുരമുണ്ടാക്കാനോ? ഇത്തരം 5 ത്രികോണവും 6 സമചതുരവും ഉണ്ടാക്കാൻ ആകെ എത്ര സെന്റിമീറ്റർ കമ്പി വേണം?

Watch Video Solution

**20.** വശങ്ങളുടെയെല്ലാം നീളം 10 സെന്റിമീറ്ററായ ത്രികോണം വളച്ചുണ്ടാക്കാൻ എത്ര സെന്റിമീറ്റർ കമ്പി വേണം? വശങ്ങളുടെയെല്ലാം നീളം 10 സെന്റിമീറ്ററായ സമചതുരമുണ്ടാക്കാനോ? 4 ത്രികോണവും 3 സമചതുരവും ആയാലോ?

Watch Video Solution

**21.** വശങ്ങളുടെയെല്ലാം നീളം 10 സെന്റിമീറ്ററായ ത്രികോണം വളച്ചുണ്ടാക്കാൻ എത്ര സെന്റിമീറ്റർ കമ്പി വേണം?

വശങ്ങളുടെയെല്ലാം നീളം 10 സെന്റിമീറ്ററായ സമചതുരമുണ്ടാക്കാനോ? ത്രികോണത്തിന്റെ എണ്ണം, സമചതുരത്തിന്റെ എണ്ണം, കമ്പിയുടെ നീളം ഇവ തമ്മിലുള്ള ബന്ധമെന്താണ്?

Watch Video Solution

**22.** വശങ്ങളുടെയെല്ലാം നീളം 10 സെന്റിമീറ്ററായ ത്രികോണം വളച്ചുണ്ടാക്കാൻ എത്ര സെന്റിമീറ്റർ കമ്പി വേണം? വശങ്ങളുടെയെല്ലാം നീളം 10 സെന്റിമീറ്ററായ സമചതുരമുണ്ടാക്കാനോ? ത്രികോണത്തിന്റെ

എണ്ണം t, സമചതുരത്തിന്റെ എണ്ണം s,ആകെ നീളം l സെന്റിമീറ്റർ എന്നെല്ലാമെടുത്താൽ t, s, l, ഇവ തമ്മിലുള്ള ബന്ധമെന്താണ്?

Watch Video Solution

**23.** ഒരു മുറിയിൽ 25 കുട്ടികളും വെറൊരു മുറിയിൽ 35 കുട്ടികളും ഇരിക്കുന്നുണ്ട്. ഇവർക്ക് 5 ബിസ്കറ്റ് വീതം കൊടുക്കാൻ ആകെ എത്ര ബിസ്കറ്റ് വേണം? കുട്ടികളുടെ എണ്ണം 20 ഉം 40 ഉം ആയാലോ?

Watch Video Solution


**24.** ഒരു മുറിയിൽ 25 കുട്ടികളും വെറൊരു മുറിയിൽ 35 കുട്ടികളും ഇരിക്കുന്നുണ്ട്. ഇവർക്ക് 5 ബിസ്കറ്റ് വീതം കൊടുക്കാൻ ആകെ എത്ര ബിസ്കറ്റ് വേണം?ഈ കണക്കിൽ, ആദ്യത്തെ മുറിയിൽ f കുട്ടികൾ, രണ്ടാമത്തെ മുറിയിൽ s കുട്ടികൾ, ആകെ വേണ്ട ബിസ്കറ്റ് t എന്നെടുത്താൽ f, s, t ഇവ തമ്മിലുള്ള ബന്ധം എങ്ങനെയെല്ലാം എഴുതാം?

Watch Video Solution

**25.** ഒരു മുറിയിൽ 25 കുട്ടികളും വെറൊരു മുറിയിൽ 35 കുട്ടികളും ഇരിക്കുന്നുണ്ട്. ഇവർക്ക് 5 ബിസ്കറ്റ് വീതം കൊടുക്കാൻ ആകെ എത്ര ബിസ്കറ്റ് വേണം? .ഈ കണക്കിൽ, ആദ്യത്തെ മുറിയിൽ f കുട്ടികൾ, രണ്ടാമത്തെ മുറിയിൽ s കുട്ടികൾ, ആകെ വേണ്ട ബിസ്കറ്റ് t എന്നെടുത്താൽ f, s, t ഇവ തമ്മിലുള്ള ബന്ധം എങ്ങനെയെല്ലാം എഴുതാം?ഓരോരുത്തർക്കും b ബിസ്കറ്റ് കൊടുക്കുന്നു എന്നെടുത്താൽ f, s, b, t ഇവ തമ്മിലുള്ള ബന്ധം എങ്ങനെയെല്ലാം എഴുതാം?


Watch Video Solution

**26.** ചിത്രത്തിൽ AC എന്ന വരയുടെ കൃത്യം നടുവിലുള്ള സ്ഥാനമാണ് M. AM ന്റെ നീളം എത്ര സെന്റിമീറ്ററാണ്? 5 സെന്റിമീറ്റർ നീളമുള്ള വര, 4 സെന്റിമീറ്റർ കൂടി നീട്ടിയാൽ വലിയ വരയുടെ കൃത്യം നടുക്കുള്ള സ്ഥാനം, ഒരറ്റത്തുനിന്ന് എത്ര അകലെയാണ്?





Watch Video Solution

**27.** ചിത്രത്തിൽ AC എന്ന വരയുടെ കൃത്യം നടുവിലുള്ള സ്ഥാനമാണ് M. AM ന്റെ നീളം എത്ര സെന്റിമീറ്ററാണ്? $7\frac{1}{2}$ സെന്റിമീറ്റർ നീളമുള്ള വര $2\frac{1}{2}$ സെന്റിമീറ്റർ കൂടി നീട്ടിയാൽ വലിയ വരയുടെ കൃത്യം നടുക്കുള്ള സ്ഥാനം, ഒരറ്റത്തുനിന്ന് എത്ര അകലെയാണ്?




Watch Video Solution

**28.** ചിത്രത്തിൽ AC എന്ന വരയുടെ കൃത്യം നടുവിലുള്ള സ്ഥാനമാണ് M. AM ന്റെ നീളം എത്ര സെന്റിമീറ്ററാണ്? l സെന്റിമീറ്റർ നീളമുള്ള വര e സെന്റിമീറ്റർ നീട്ടിയതിന്റെ മധ്യബിന്ദു. ഒരറ്റത്തുനിന്ന് m സെന്റിമീറ്റർ അകലെയാണ്, l, e, m ഇവ തമ്മിലുള്ള ബന്ധം എന്താണ്?




Watch Video Solution

**29.** 4 സെന്റിമീറ്റർ നീളവും,3 സെന്റിമീറ്റർ വീതിയുമുള്ള ഒരു ചതുരത്തിന്റെ നീളം 2 സെന്റിമീറ്റർ കൂട്ടി വലിയ ചതുരമാക്കി.വലിയ ചതുരത്തിന്റെ പരപ്പളവെത്രയാണ്?

Watch Video Solution

**30.** 4 സെന്റിമീറ്റർ നീളവും,3 സെന്റിമീറ്റർ വീതിയുമുള്ള ഒരു ചതുരത്തിന്റെ നീളം 2 സെന്റിമീറ്റർ കൂട്ടി വലിയ ചതുരമാക്കി.വലിയ ചതുരത്തിന്റെ പരപ്പളവെത്രയാണ്?നീളം $l$

സെന്റിമീറ്ററും, വീതി $b$ സെന്റിമീറ്ററും ആയ ചതുരത്തിന്റെ നീളം $i$ സെന്റിമീറ്റർ കൂട്ടി ഉണ്ടാക്കിയ വലിയ ചതുരത്തിന്റെ പരപ്പളവ് $a$ ചതുരശ്രസെന്റിമീറ്റർ എന്നെടുത്താൽ $l, b, i$ ഇവ തമ്മിലുള്ള ബന്ധം എങ്ങനെയെല്ലാം എഴുതാം?

Watch Video Solution

**31.** ഒരു കൂട്ടം സംഖ്യകളുടെ തുകയും ശരാശരിയും അറിഞ്ഞാൽ അവയുടെ എണ്ണം

കാണുന്നതിനുള്ള ബന്ധം അക്ഷരഗണിത ഭാഷയിൽ എഴുതുക?

Watch Video Solution

**32.** രണ്ടു സംഖ്യകളുടെ ഗുണനഫലത്തിൽ നിന്നും 7 കുറഞ്ഞ സംഖ്യയെ സൂചിപ്പിക്കുക?

Watch Video Solution

**33.** ഒരു ചതുരത്തിന്റെ നീളം 8 സെന്റിമീറ്ററും വീതി 4 സെന്റിമീറ്ററും ആണ്. അതിന്റെ

വിസ്തീർണ്ണം കാണാനുള്ള സൂത്രം അക്ഷരങ്ങൾ ഉപയോഗിച്ച് എഴുതിയശേഷം കണ്ടുപിടിക്കുക?

Watch Video Solution

**34.** 12 സെന്റിമീറ്റർ നീളവും, 7 സെന്റിമീറ്റർ വീതിയുമുള്ള ചതുരത്തിന്റെ വിസ്തീർണ്ണം എത്ര?

Watch Video Solution

**35.** ഒരു കമ്പനി അവരുടെ ഉൽപ്പന്നങ്ങൾ 10% ലാഭത്തിനാണ് വിൽക്കുന്നത്, 350 രൂപ മുതൽ

മുടക്കുള്ള ഒരു ഉൽപ്പന്നം അവർ എന്തുവിലയ്ക്കാണ് വിൽക്കുന്നത്?

Watch Video Solution

**36.** ഒരു ചതുരത്തിന്റെ നീളം 10 സെന്റിമീറ്റർ. വീതി 4 സെന്റിമീറ്റർ അതിന്റെ ചുറ്റളവ് എത്ര?

Watch Video Solution

**37.** 64 സെന്റിമീറ്റർ നീളവും 36 സെന്റിമീറ്റർ വീതിയുമുള്ള ഒരു ചതുരത്തിന്റെ ചുറ്റളവ് എത്ര?

Watch Video Solution

**38.** ഒരു ഷർട്ട് തയ്ക്കുന്നതിന് 50 രൂപയും പാന്റ്സ് തയ്ക്കുന്നതിന് 100 രൂപയാണ് കൂലി. തയ്ക്കുന്ന ഷർട്ടിന്റെ എണ്ണം, പാന്റ്സിന്റെ എണ്ണം, ആകെ തയ്യൽ കൂലി, ഇവയെ ഇഷ്ടമുള്ള അക്ഷരങ്ങൾകൊണ്ട് സൂചിപ്പിച്ച് അവ തമ്മിലുള്ള ബന്ധം എഴുതുക?

Watch Video Solution

**39.** ഒരു ഒറ്റസംഖ്യയുടെ തൊട്ടടുത്ത ഒറ്റസംഖ്യ കാണുന്നതിനുള്ള ബന്ധം എഴുതുക. ഇതുപയോഗിച്ച് 35 എന്ന ഒറ്റസംഖ്യയുടെ അടുത്ത ഒറ്റസംഖ്യ കാണുക?

Watch Video Solution

**40.** ശരാശരിയും ആകെ തുകയും അറിഞ്ഞാൽ എണ്ണം കാണുന്നതിനുള്ള ബന്ധം എഴുതുക. ശരാശരി 18 ഉം ആകെ തുക 126 ഉം ആയാൽ അതിൽ എത്ര സംഖ്യകളുണ്ട്?

Watch Video Solution

**41.** n ഒരു ഇരട്ടസംഖ്യയാണ്. n ന്റെ തൊട്ടുമുമ്പും തൊട്ടുപിറകുമുള്ള സംഖ്യകൾ എഴുതുക?

Watch Video Solution

**42.** 5 ന്റെ ഗുണിതമായി വരുന്ന സംഖ്യകൾ എഴുതുക. ഇവയെക്കുറിക്കുന്ന പൊതുരൂപം എഴുതുക?

Watch Video Solution